STATE POLICE MEDIA CENTRE
KERALA POLICE

Police Headquarters
Vazhuthacaud
Thiruvananthapuram - 695010
0471 2318188
info.pol@kerala.gov.in
statepolicemediacentre

No.302/PR/SPMC/PHQ/2026 Date:21.07.2026

# പത്രക്കുറിപ്പ്

## പുതിയ സ്റ്റുഡന്റ് പോലീസ് യൂണിറ്റുകളുടെ പ്രഖ്യാപനം നാളെ ആഭ്യന്തരമന്ത്രി നിർവ്വഹിക്കും

സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയിലേക്ക് പുതുതായി ഉൾപ്പെടുത്തുന്ന യൂണിറ്റുകളുടെ പ്രഖ്യാപനം നാളെ (ജൂലൈ 22, ബുധൻ) ഉച്ചയ്ക്ക് രണ്ടുമണിക്ക് കവടിയാർ സാൽവേഷൻ ആർമി സ്കൂളിൽ ആഭ്യന്തര വകുപ്പ് മന്ത്രി രമേശ് ചെന്നിത്തല നിർവ്വഹിക്കും.

ചടങ്ങിൽ സ്റ്റുഡന്റ് പോലീസ് കേഡറ്റുകളെ തൂഫാൻ വാരിയേഴ്സായും പോൽ-ബ്ലഡ് അംബാസഡേഴ്സായും സൈബർ വാരിയേഴ്സായും അദ്ദേഹം പ്രഖ്യാപിക്കും.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകൾക്കായി ഇന്ത്യൻ മെഡിക്കൽ അസോസിയേഷൻ സംസ്ഥാനതലത്തിൽ സംഘടിപ്പിക്കുന്ന 'ഐ ക്യാൻ' (IMA Campaign Against Narcotics) പരിശീലന പദ്ധതിയുടെ ഉദ്ഘാടനവും എസ്.പി.സിയുടെ വാർത്താ ജാലകം പതിപ്പിന്റെ പ്രകാശനവും ആഭ്യന്തര മന്ത്രി നിർവ്വഹിക്കും.

സ്റ്റുഡന്റ് പോലീസ് കേഡറ്റുകളുടെ സമഗ്രവും ഏകീകൃതവുമായ വിവരങ്ങൾ അടങ്ങിയ വെബ് പോർട്ടലിന്റെ പ്രകാശനം പൊതുവിദ്യാഭ്യാസ വകുപ്പു മന്ത്രി എൻ ഷംസുദ്ദീൻ നിർവ്വഹിക്കും.

ആരോഗ്യം ദേവസ്വം വകുപ്പ് മന്ത്രി കെ മുരളീധരൻ, സംസ്ഥാന പോലീസ് മേധാവി റവാഡ ആസാദ് ചന്ദ്ര ശേഖർ, ക്രമസമാധാന വിഭാഗം എ.ഡി.ജി.പി പി. വിജയൻ, ഐ.ജിപിയും സ്റ്റുഡന്റ് പോലീസ് കേഡറ്റ് പദ്ധതിയുടെ സംസ്ഥാന നോഡൽ ഓഫീസറുമായ എസ് അജീത ബീഗം, സാൽവേഷൻ ആർമി സ്കൂൾ പ്രിൻസിപ്പൽ മീര എം. എസ്, മാനേജർ കേണൽ പ്രകാശ് ചന്ദ്ര പ്രധാൻ, ഇന്ത്യൻ

മെഡിക്കൽ അസോസിയേഷൻ സംസ്ഥാന പ്രസിഡന്റ് ഡോ. എം. എൻ മേനോൻ, ലഹരിവസ്തുക്കളുടെ ദുരുപയോഗം തടയുന്നതിനുള്ള ഐ.എം.എ കമ്മറ്റിയുടെ സംസ്ഥാന ചെയർമാൻ ഡോ. പ്രശാന്ത് സി. വി, സാൽവേഷൻ ആർമി സ്കൂൾ പി.ടി.എ മെമ്പർ ഫസീല കൈപ്പാടി, വിദ്യാർത്ഥികൾ, അധ്യാപകർ എന്നിവർ സംബന്ധിക്കും.

ഡോ. അഞ്ചൽ കൃഷ്ണകുമാർ,

ഡെപ്യൂട്ടി ഡയറക്ടർ,

സ്റ്റേറ്റ് പോലീസ്

മീഡിയ സെൻറർ

******************************************************